ക്കുറവ് അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ഉൾപ്പെടെയുള്ളവരെ ഡിപ്പോയുടെ ചുമതല ഏൽപ്പിക്കേണ്ടി വന്നിട്ടുള്ളത്. പി.എസ്.സി.വഴി ജീവനക്കാരെ നിയമിക്കുന്നതിന് വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ലിസ്റ്റ് ലഭ്യമായിട്ടില്ല. തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന വേതനക്കാരെ ദൂരെസ്ഥലങ്ങളിലുള്ള ഡിപ്പോയിലേക്ക് സ്ഥലംമാറ്റി നിയമിക്കാൻ ബുദ്ധിമുട്ടുണ്ട്. ശ്രീമതി ജാനകി ഇപ്പോൾ ഏറെക്കുറെ സൗകര്യപ്രദമായ ഡിപ്പോയിലാണ് ജോലി ചെയ്യുന്നത്.

തൃക്കൈപ്പറ്റ നൂൽനൂൽപ്പ് കേന്ദ്രത്തിന്റെ പ്രവർത്തനം

181 (2211) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്പറ്റ മണ്ഡലത്തിലെ തൃക്കൈപ്പറ്റയിൽ നൂൽനൂൽപ്പ് കേന്ദ്രം സ്ഥാപിക്കുന്നതിനായി ഖാദി ബോർഡിനു ഭൂമി ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത ഭൂമി ലഭ്യമായതെന്നും, നൂൽനൂൽപ്പ് കേന്ദ്രത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയെന്നും വെളിപ്പെടുത്തുമോ ;

(സി) ഖാദി ബോർഡിന് ഭൂമി വാങ്ങി നൽകിയവർക്ക് നൂൽനൂൽപ്പ് കേന്ദ്രത്തിൽ ജോലി നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നോ ; എങ്കിൽ എത്ര പേർക്ക് ജോലി നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ഇ) നൂൽനൂൽപ്പ് കേന്ദ്രം സ്ഥാപിക്കുന്നതിന് എന്ത് തടസ്സമാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ തടസ്സങ്ങൾ നീക്കി നൂൽനൂൽപ്പ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1984-ൽ ടി സ്ഥലം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ പേരിൽ രജിസ്റ്റർ ചെയ്തിരുന്നു. പ്രസ്തുത യൂണിറ്റ് തുടങ്ങുന്നതിനുള്ള മറ്റ് നടപടികളൊന്നുംതന്നെ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഉണ്ട്. ആയത് ഖാദിബോർഡിൽ പരിശോധിച്ച് മറുപടി നൽകിയിട്ടുണ്ട്.

(ഇ) ഫണ്ടിന്റെ ദൗർലഭ്യവും കുറഞ്ഞ കൂലിയ്ക്ക് തൊഴിലാളികളെ കിട്ടുവാനുള്ള പ്രയാസവുമാണ് നൂൽനൂൽപ്പ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട തടസ്സങ്ങൾ.

(എഫ്) പരിശോധിക്കുന്നതാണ്.

ഖാദി ഉല്പന്നങ്ങളുടെ പ്രചരണത്തിനായി സ്വീകരിച്ച നടപടികൾ

182 (2212) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഉല്പന്നങ്ങളുടെ പ്രചരണത്തിനായി ഏതെല്ലാം നടപടികളാണ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് ഖാദി മേഖലയിൽ ഉല്പാദന-വിപണന വർദ്ധനവിന് കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പബ്ലിസിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തി പദ്ധതി വിഹിതം ഉപയോഗിച്ച് നഗരത്തിലെ പ്രധാന ഭാഗങ്ങളിൽ ഹോർഡിംഗ്സ് പരസ്യബോർഡുകൾ തുടങ്ങിയവ സ്ഥാപിച്ച് പൊതുജനശ്രദ്ധ നേടുന്നതിനും അതുവഴി വിൽപ്പന വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഖാദി-കൈത്തറി വസ്ത്രങ്ങൾ എല്ലാ മലയാളികളും വാരാന്ത്യത്തിലും സ്കൂൾ കുട്ടികൾ യൂണിഫോം ആഴ്ചയിലൊരിക്കലും ധരിക്കണമെന്ന പ്രചരണം സർക്കാർ ചെലവിൽ സംസ്ഥാനത്തിന്റെ നഗരങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും നടത്തിയിട്ടുണ്ട്.

ഭാരതസർക്കാർ സംഘടിപ്പിക്കുന്ന "ഭാരത അന്താരഷ്ട്ര വിപണനമേള" സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന "ബേപ്പൂർ ഫെസ്റ്റ്" തുടങ്ങിയ വിവിധ എക്സിബിഷനുകളിൽ ഖാദി ബോർഡ് പങ്കെടുക്കാറുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലെ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിനോടനുബന്ധിച്ച് ഖാദി ബോർഡ് തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, എറണാകുളം തുടങ്ങിയ സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly